ദേശാഭിമാനി **6 November 2023**

■ പവിഴപ്പുറ്റുകളിലെ ഗവേഷണം

# ആൽവിൻ ആന്റോയ്ക്ക് ദേശീയ അംഗീകാരം

**കൊച്ചി**

പാരിസ്ഥിതിക പഠനങ്ങൾക്കുള്ള ഈ വർഷത്തെ ഹസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരം കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) യങ്പ്രൊഫഷണൽ ആൽവിൻ ആന്റോയ്ക്ക്. പവിഴപ്പുറ്റുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും ഊന്നൽ നൽകുന്ന ഗവേഷണത്തിനാണ് അംഗീകാരം. രണ്ടുലക്ഷം രൂപയും പ്രശസ്തിപത്രവുമാണ് പുരസ്കാരം. കാലാവസ്ഥാവ്യതിയാനമുൾപ്പെടെയുള്ള ഭീഷണി നേരിടാൻ പവിഴപ്പുറ്റുകളെ സജ്ജമാക്കുന്ന തരത്തിലുള്ള പഠനപ്രവർത്തനങ്ങളാണ്



ആൽവിൻ ആന്റോയെ പുരസ്കാരത്തിന് അർഹനാക്കിയത്. കാച്ച്നാർ ട്രസ്റ്റിന്റെ ധനസഹായത്തോടെ ഗുജറാത്ത് ഇക്കോളജിക്കൽ സൊസൈറ്റി നൽകുന്നതാണ് ഹസ്മുഖ് ഷാ മെമ്മോറിയൽ പുരസ്കാരം.

അടുത്ത ജനുവരിയിൽ വഡോദരയിൽ നടക്കുന്ന ഹസ്മുഖ് ഷാ അനുസ്മരണ പ്രഭാഷണ ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും. നിരവധി തവണ സമുദ്രാന്തർഭാഗങ്ങളിൽ പഠന സർവേകൾ നടത്തിയിട്ടുള്ള ആൽവിൻ, ഡൈവിങ് വിദഗ്ധനുമാണ്. ഇന്ത്യൻ സമുദ്രാതിർത്തികളിലും ദ്വീപുകളിലും പവിഴപ്പുറ്റുകളോട് ചേർന്ന കടൽജൈവവിധ്യങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ട്.

കടൽസസ്തനികളെ പഠനവിധേയമാക്കുന്നതിനായി സിഎംഎഫ്ആർഐ ആരംഭിച്ച നൂറുദിന സർവേസംഘത്തിലും അംഗമായിരുന്നു. തൃശൂർ ഇരിങ്ങാലക്കുട കല്ലേറ്റുംകര തുള്ളുവത്ത് ടി ടി ആന്റോയുടെയും മോളി ആന്റോയുടെയും മകനാണ്. ഭാര്യ: സോന വർഗീസ്.